# കില
## വാർത്താപത്രിക

VOLUME-10
ISSUE-6
JUNE 2017

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in





ജലക്ഷാമം പരിഹരിക്കാൻ നീർത്താടാധിഷ്ഠിത വികസനപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചാലോചിക്കാൻ കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ സംസ്ഥാന ധനകാര്യമന്ത്രി ഡോ.തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തുന്നു

# നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്കു കില നേതൃത്വം നൽകും

സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന വരൾച്ചയുടേയും കുടിവെള്ളക്ഷാമത്തിന്റെയും പശ്ചാത്തലത്തിൽ അടുത്ത മൂന്നു വർഷംകൊണ്ടു ജലക്ഷാമം പരിഹരിക്കാൻ നീർത്താടാധിഷ്ഠിത വികസനപ്രവർത്തനങ്ങൾക്കു കില നേതൃത്വം നൽകും. ഇതുമായി ബന്ധപ്പെട്ട പ്രാരംഭചർച്ചകൾക്കായി കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ ധനകാര്യമന്ത്രി ഡോ.തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി.നമുക്ക് ഇഷ്ടംപോലെ വെള്ളമുണ്ടെന്ന സങ്കൽപ്പം ശരിയല്ലെന്നും കഴിഞ്ഞ നാലുമാസത്തെ രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും അതാണു സൂചിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. തളിപ്പറമ്പ് എം.എൽ.എ ജെയിംസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. തളിപ്പറമ്പു നിയോജകമണ്ഡലത്തിൽ 1600 കുടുംബങ്ങൾ നേരിട്ട രൂക്ഷമായ കുടിവെള്ളക്ഷാമത്തെക്കുറിച്ചും അതു നേരിടാൻ സ്വീകരിച്ച ബദൽ നടപടികളെക്കുറിച്ചും എം.എൽ.എ വിശദീകരിച്ചു.വൻ ജനപങ്കാളിത്തത്തോടെ ജലസംരക്ഷണത്തിലൂടെ മാത്രമേ ഇതിനു പരിഹാരം കാണാനാകൂ. ജലലേ മുതൽ മഴയെ അറിയാൻ എന്ന പേരിൽ ക്യാമ്പയിൻ നടത്തും. സ്കൂൾ കുട്ടികളിലൂടെയാണ് ഇതിനു തുടക്കം കുറിക്കുന്നത്.

വെള്ളത്തിന്റെ ഗുണനിലവാരം നിലനിർത്താനുള്ള നടപടികളും വിവിധ വകുപ്പുകളുടെ ഏകോപനവും അത്യാവശ്യമാണെന്നു ചർച്ചയിൽ പങ്കെടുത്തവർ നിർദ്ദേശിച്ചു. ഒരിക്കൽ വറ്റാത്ത കിണർപോലും കഴിഞ്ഞ വേനലിൽ വറ്റിയപ്പോൾ ഇതിനു പ്രതിവിധി വേണമെന്നു പലർക്കും ബോധ്യമായി. മഴക്കുഴിയെടുത്ത പറമ്പുകളിൽ ജലം ശേഖരിക്കാനും ആദ്യ വേനൽമഴയ്ക്കുതന്നെ സമീപത്തെ കിണറുകളിൽ അതിന്റെ പ്രതിഫലനം കാണാൻ കഴിഞ്ഞുവെന്നും അഭിപ്രായമുണ്ടായി. നദികളിലും തോടുകളിലും തടയണ സൃഷ്ടിച്ച് ജലക്ഷാമം പരിഹരിക്കാമെന്നും നിർദ്ദേശിക്കപ്പെട്ടു.

ഇതുമായി ബന്ധപ്പെട്ട് 28, 29 തീയതികളിൽ ആദ്യത്തെ സാങ്കേതിക ശിൽപ്പശാല തളിപ്പറമ്പിൽ സംഘടിപ്പിക്കും. നീർത്തടാധിഷ്ഠിത വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂന്നുമാസത്തിലൊരിക്കൽ കിലയിൽ ശിൽപ്പശാല നടത്തും. ചെറുതും വലുതുമായ സംസ്ഥാനത്തെ എല്ലാ നീർത്തടസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച്

ഡോക്യുമെന്റെഷൻ തയ്യാറാക്കും. ജില്ലാ പഞ്ചായത്തുകൾ ഇതുമായി ബന്ധപ്പെട്ട പ്ലാനുകൾ തയ്യാറാക്കുന്നുണ്ടെന്നു ഉറപ്പുവരുത്തും. റിസോഴ്സ് ടീമിന്റെ കാര്യശേഷി വികസനത്തിനായി പഠനസന്ദർശനങ്ങൾ സംഘടിപ്പിക്കും. ഇതിനു കില നേതൃത്വം നൽകും.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിഡന്റ് ടി.ഗംഗാധരൻ, പി.കെ.രവീന്ദ്രൻ, ഹരിതകേരളം മിഷൻ ഉപദേഷ്ടാവ് അജയ് വർമ്മ, തിരുവനന്തപുരം ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുൻ ശാസ്ത്രജ്ഞൻ ഡോ.ശ്രീകുമാർ ചതോപദ്ധ്യായ, കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ എന്നിവർ സംസാരിച്ചു.വിവിധ ജില്ലകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വിദഗ്ദ്ധരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.



കില ഡയറക്ടർസ്ഥാനത്തുനിന്നു വിരമിക്കുന്ന ഡോ.പി.പി.ബാലൻ ജീവനക്കർ നൽകിയ ഉപഹാരത്തിനരികെ

## ഡോ.പി.പി.ബാലനു യാത്രയയ്പ്

രണ്ടു ഘട്ടങ്ങളിലായി പത്തുവർഷത്തിലേറെക്കാലം കില ഡയറക്ടറായിരുന്ന ഡോ.പി.പി.ഡോ.ബാലനു സഹപ്രവർത്തകർ യാത്രയയ്പു നൽകി. പ്രൊഫ. ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷനായിരുന്നു. ഡോ.പീറ്റർ എം.രാജ്. ഡോ. ജെ.ബി.രാജൻ, സെക്ഷൻ ഓഫീസർ കെ.ബാബു, എം.കെ. രവീന്ദ്രനാഥ്, പി.കെ.ജയദേവൻ, ജെ.നെൽസൺ, അപർണ, രാമനാഥൻ, ഉസ്മാൻ കുട്ടോത്ത്, ജയൻ, ഹനീഫ, രാമനാഥൻ. ദീലീപ് കുമാർ, പി.വി.രാമകൃഷ്ണൻ, നിനി, തുടങ്ങിയവർ സംസാരിച്ചു.

അനുമോദനങ്ങൾക്കും ആശംസകൾക്കും ഡോ.ബാലൻ മറുപടി പറഞ്ഞു. കിലയുടെ ഉപഹാരം അദ്ദേഹം ഏറ്റുവാങ്ങി.

## ആരോഗ്യകേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**മി**കച്ച ആരോഗ്യപദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ 2015-2016 ലെ ആരോഗ്യകേരളം പുരസ്കാരങ്ങൾ മന്ത്രി കെ.കെ.ശൈലജ പ്രഖ്യാപിച്ചു.

ജില്ലാപഞ്ചായത്ത് തലത്തിൽ കൊല്ലം ജില്ലാപഞ്ചായത്തിനാണ് ഒന്നാംസ്ഥാനം. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കസർകോട്, മലപ്പുറം ജില്ലകൾ നേടി. മുനിസിപ്പാലിറ്റികളിൽ ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റി ഒന്നാമതായി. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

കോഴിക്കോട് ജില്ലയിയിലെ പേരാമ്പ്രയ്ക്കാണ് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നാംസ്ഥാനം. ഗ്രാമപഞ്ചായത്തുകളിൽ കൊല്ലം ജില്ലയിലെ കരവാളൂർ, കോഴിക്കോട് ജില്ലയിലെ നൊച്ചാട്, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരവുമാണ് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്. ജില്ലാതലത്തിൽ പുരസ്കാരങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം. തിരുവനന്തപുരം:വാമനപുരം, കുളത്തൂർ, മാറനെല്ലൂർ.കൊല്ലം:ചിറക്കര, ആലപ്പാട്, തെക്കുംഭാഗം.പത്തനംതിട്ട: ഒന്നാംസ്ഥാന-തോട്ടപ്പുഴശ്ശേരി. ആലപ്പുഴ:പ്രോത്സാഹനസമ്മാനം-ചെന്നംപള്ളിപ്പുറം. കോട്ടയം:മുത്തോലി -പ്രോത്സാഹനസമ്മാനം. ഇടുക്കി:ആലക്കോട്-ഒന്നാംസ്ഥാനം,കടുയത്തൂർ-രണ്ടംസ്ഥാനം.എറണാകുളം:അയവന-ഒന്നാംസ്ഥാനം. തൃശ്ശൂർ: പൊയ്യ -ഒന്നാംസ്ഥാനം.പാലക്കാട്: പുതുക്കോട്-ഒന്നാംസ്ഥാനം. മലപ്പുറം:എടക്കരം-പ്രോത്സാഹനസമ്മാനം.കോഴിക്കോട്:അരിക്കുളം-ഒന്നാംസ്ഥാനം,ഇടച്ചേരി -രണ്ടാംസ്ഥാനം.വയനാട്: എടവക, പൂത്താടി, വൈത്തിരി. കണ്ണൂർ:ചെറുപുഴ-പ്രോത്സാഹനസമ്മാനം. കാസർകോട്: ഈസ്റ്റ് എളേരി-ഒന്നാംസ്ഥാനം.

## സൂപ്പർവൈസറി മാനേജ്മെന്റ് പരിശീലനം പൂർത്തിയായി

ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ, ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്കു സൂപ്പർവൈസറി മാനേജ്മെന്റിൽ നൽകി വന്നിരുന്ന പരിശീലനപരിപാടി സമാപിച്ചു. പന്ത്രണ്ടു ബാച്ചുകളിലായി 600 പേർക്കാണ് രണ്ടു ദിവസം നീണ്ടുനിന്ന പരിശീലനം നൽകിയത്. അവസാന ബാച്ചിന്റെ പരിശീലനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ജെ.ബി. രാജൻ, കോർഡിനേറ്റർമാരായ കെ.പി.എം ഹാഷിം, ഫെമിന ജോയ് എന്നിവർ സംസാരിച്ചു. സൂപ്പർവൈസറിംഗ് കർത്തവ്യനിർവഹണത്തിനുവേണ്ട കഴിവുകൾ, ജോലി വിഭജനം, ടീം ബിൽഡിംഗ്, സമയപരിപാലനം, ഓഫീസ് മാനേജ്മെന്റ്, ഓഡിറ്റ്, മീറ്റിംഗ് മാനേജ്മെന്റ്, ജനപ്രതിനിധി-ഉദ്യോഗസ്ഥ ബന്ധം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. സഞ്ജയ് പ്രഭു, വി.കെ.ശ്രീധരൻ, ആർ. രാമചന്ദ്രൻ നായർ, പി.ജയൻ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

### പദ്ധതി അംഗീകാരം: തീയതി ദീർഘിപ്പിച്ചു

**ത**ദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2017-18 ലെ വാർഷിക പദ്ധതികൾക്കു ജില്ലാ ആസൂത്രണസമിതിയിൽനിന്നു അംഗീകാരം നേടേണ്ട തീയതി 15.6.2017 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായി. നേരത്തെ ഇത് 31.5.2017 വരെയായിരുന്നു.(സ.ഉ.(സാധാ)1810/2017 തസ്വഭവ. തീയതി.1.6.2017)



# ഡോ. ജോയ് ഇളമൺ
## കില ഡയറക്ടറായി ചുമതലയേറ്റു



ഡോ.ജോയ് ഇളമൺ

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ദേശീയ-അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ഡോ.ജോയ് ഇളമൺ കില ഡയറക്ടറായി ചുമതലയേറ്റു.കില ഓഫീസിൽ നടന്ന ലളിതമായ ചടങ്ങിലായിരുന്നു ചുമതലയേറ്റത്. സ്ഥാനമൊഴിയുന്ന ഡോ.പി.പി.ബാലൻ പുതിയ സാരഥിയെ ബൊക്കെ നൽകി സ്വീകരിച്ചു. കില ഫാക്കൽറ്ററികളും മററു ജീവനക്കാരും ചടങ്ങിനു സാക്ഷ്യം വഹിച്ചു.

കാൽനൂറ്റാണ്ടകാലത്തെ വികസനപ്രവർത്തനങ്ങളിൽ ഇരുപതുവർഷവും പ്രാദേശികഭരണവും അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ടായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം, കേരളത്തിലെ ജനകീയാസൂത്രണത്തിനു മുൻനിരയിൽനിന്നു പ്രവർത്തിച്ച ഡോ.ജോയ് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് പ്ലാനിംഗ് ബോർഡിൽ രൂപീകരിച്ച ജനകീയാസൂത്രണസെല്ലിലെ ആദ്യത്തെ അംഗമായിരുന്നു. ഇന്റർ കോ-ഓപ്പറേഷൻ സോഷ്യൽ ഡെവലപ്പ്മെന്റ് ഇന്ത്യ എന്ന അന്താരാഷ്ട്ര സന്നദ്ധസംഘടനയുടെ ചീഫ് എക്സിക്യൂട്ടീവ് സ്ഥാനത്തുനിന്നാണ് അദ്ദേഹം കിലയുടെ ഡയറക്ടർ സ്ഥാനത്തേക്കു വരുന്നത്. ഗ്രാമവികസനം, കാലാവസ്ഥാവ്യതിയാനം, സാമൂഹ്യവികസനം എന്നീ മേഖലകളിലൂന്നിയായിരുന്നു അവിടത്തെ പ്രവർത്തനം.

2007-ൽ മികച്ച കമ്മ്യൂണിറ്റി ബിൽഡർക്കുള്ള യു.എൻ.ഡി.പി അവാർഡ് ലഭിച്ചു. നേരത്തെ കേരളസർവകലാശാലയുടെ സിൻഡിക്കേറ്റ് മെമ്പറായിരുന്നു.

എം.ബി.ബി.എസ് ബിരുദധാരിയും പൊതുജനാരോഗ്യത്തിൽ മാസ്റ്റർ ഡിഗ്രിയുമുള്ള ഡോ.ജോയ് ഇപ്പോൾ തിരുവനന്തപുരത്താണ് താമസം.



അധികാരകൈമാറ്റം-കില ഡയറക്ടറായി ചുമതലയേൽക്കാനെത്തിയ ഡോ.ജോയ് ഇളമണെ സ്ഥാനമൊഴിയുന്ന ഡോ.പി.പി.ബാലൻ ബൊക്കെ നൽകി സ്വീകരിക്കുന്നു



അഗളിയിലെ കില പട്ടികവർഗ്ഗ വികസന പ്രകൃതിവിഭവ പരിപാലനകേന്ദ്രത്തിൽ സംഘടിപ്പിച്ച കാർബൺ ന്യൂട്രൽ പഞ്ചായത്ത് അനുഭവം പങ്കുവയ്ക്കൽ ശിൽപ്പശാലയിൽ ഡോ.ജെ.ബി.രാജൻ സംസാരിക്കുന്നു

# കാർബൺ തുലിത (ന്യൂട്രൽ) പഞ്ചായത്ത്: കിലയുടെ അനുഭവം പങ്കുവയ്ക്കൽ ശിൽപ്പശാല

**ആ**ഗോളതാപനത്തിന്റെ ഫലമായി കാർബണിന്റെ അളവു കൂടുന്നതും തുടർന്നുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനവും പരിഹരിക്കുന്നതിനു ഗ്രാമപഞ്ചായത്തുകളെ ബോധവൽക്കരിക്കാൻ കില  അനുഭവം പങ്കുവയ്ക്കൽ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ നടത്തിയ മാതൃകാപരമായ ഇടപെടലാണ് ഇത്തരമൊരു നീക്കത്തിനു പ്രേരകമായത്. കാർബൺ ന്യൂട്രൽ പഞ്ചായത്ത് എന്ന ആശയമാണ് അവർ മുന്നോട്ടു വച്ചത്. പുറത്തുവിടുന്ന കാർബണിന്റെ അളവ് സാധ്യമായ തരത്തിൽ കുറയ്ക്കുകയും അതോടൊപ്പം അവ ആഗിരണം ചെയ്യുന്നതിനു മതിയായ തോതിൽ മരങ്ങൾ വച്ചുപിടിപ്പിക്കലുമാണ്  പോംവഴി.

വിവിധ ഗാർഹിക-കാർഷിക വ്യവസായിക പ്രവർത്തനങ്ങൾ വഴി പുറംതള്ളപ്പെടുന്ന കാർബൺ വാതകങ്ങളുടെ അളവും സ്വാഭാവിക പ്രകൃതിയിലേക്കു ആഗിരണം ചെയ്യപ്പെടുന്ന കാർബൺ വാതകങ്ങളുടെ അളവും തുല്യമായിരിക്കുന്ന അവസ്ഥയാണ് കാർബൺ തുലിതം (ന്യൂട്രൽ) എന്നു പറയുന്നത്. ഹരിതഗൃഹപ്രഭാവത്തിനു(ഗ്രീൻ ഹൗസ് എഫക്റ്റ്) കാരണമാകുന്ന കാർബൺഡൈയോക്സൈഡ്, ക്ലോറോം, യൂറോ കാർബൺ എന്നീ ഹരിതഗൃഹവാതകങ്ങളുടെ വർദ്ധനവാണ് ഭൂമിയുടെ ഉപരിതലത്തെ ചൂടുപിടിപ്പിക്കുന്നത്.ഇത്തരം വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുകയും അവയുടെ ആഗിരണസംവിധാനം മെച്ചപ്പെടുത്തുന്നതും കാർബൺ ന്യൂട്രലിനു സഹായകമാകും. വർദ്ധിച്ചുവരുന്ന ആഗോള താപനിലയും നീണ്ടുപോകുന്ന വേനലും പ്രവചനാതീതമായ മഴയും ഒഴിവാക്കാൻ കാർബൺ ന്യൂട്രൽ അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തുകളിലെ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, പ്ലാൻ കോർഡിനേറ്റർമാർ, കൃഷി-പരിസ്ഥിതി-ജലസംരക്ഷണ വർക്കിംഗ്ഗ്രൂപ്പ് ചെയർപേഴ്സൺമാർ, കൺവീനർമാർ, തൊഴിലുറപ്പുപദ്ധതി എഞ്ചിനിയർമാർ, ഓവർസിയർമാർ എന്നിവർക്കാണ്  ശിൽപ്പശാല സംഘടിപ്പിക്കുന്നത്. അഗളിയിലെ കില പട്ടികവർഗ്ഗ വികസന -പ്രകൃതിവിഭവ പരിപാലന കേന്ദ്രത്തിൽ അഞ്ചു ബാച്ചുകളിലായി സംഘടിപ്പിച്ച ശിൽപ്പശാലയിൽ  300 ൽ പരം പേർ പങ്കെടുത്തു. ശിൽപ്പശാലയ്ക്കു കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി. രാജൻ നേതൃത്വം നൽകി. മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ബീന വിജയൻ, വൈസ് പ്രസിഡന്റ് അസൈനാർ, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി  ചെയർപേഴ്സൺ സുരേഷ്, കില എക്സ്റ്റഷൻ ഫാക്കൽറ്റി ബാബുരാജ്, എം.ഷിഹാബ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന നാലു ഹോട്ട് സ്പോട്ട് ജില്ലകളിലൊന്നാണ് വയനാട്. 2020 ടുകൂടി  മീനങ്ങാടി ഗ്രാമപഞ്ചായത്ത് ലോകത്തിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ പഞ്ചായത്തായി മാറ്റിയെടുക്കാനുള്ള തീവ്രശ്രമമാണ് നടന്നുവരുന്നത്.

## വയോജന സൗഹൃദജില്ല: വയനാട് ജില്ലയിൽ പരിശീലനം പൂർത്തിയായി

**വ**യനാട് ജില്ലയെ വയോജന സൗഹൃദജില്ലയാക്കി മാറ്റാനുള്ള പുനർജനി പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനപരിപാടി പൂർത്തിയായി.ജില്ലാപഞ്ചായത്ത് രൂപം കൊടുത്ത സമഗ്ര വയോജന വികസന പദ്ധതി 2016-17 വർഷത്തിലാണാരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 874 അങ്കണവാടികളിലും ഇക്കഴിഞ്ഞ ഫെബ്രുവരി 17 നകം വയോജനക്ലബ്ബുകൾ രൂപീകരിച്ചിരുന്നു.രൂപീകരണയോഗത്തിൽ ഭൂരിപക്ഷം വയോജനങ്ങളും പങ്കെടുത്തു .ഓരോ അങ്കണവാടിയിലും അങ്കണവാടി വർക്കർ കൺവീനറായി അഞ്ചംഗ നിർവാഹകസമിതിയാണു രൂപീകരിച്ചത്. ഇത്തരത്തിൽ രൂപീകരിച്ച  ക്ലബ്ബുകളിലെ മുഴുവൻ നിർവാഹകസമിതി അംഗങ്ങൾക്കും ഗ്രാമപഞ്ചായത്തംഗങ്ങൾക്കും അതതു പഞ്ചായക്ക് ആസ്ഥാനങ്ങളിൽ ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിച്ചു. കിലയുടെ ആഭിമുഖ്യത്തിൽ നടന്ന പരിശീലനപരിപാടികൾക്കു കില അസി. പ്രൊഫ.ഡോ.ജെ.ബി.രാജൻ നേതൃത്വം നൽകി. പരിശീലനപരിപാടിയുടെ ഔപചാരിക ഉദ്ഘാടനം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉഷാകുമാരി നിർവഹിച്ചു.ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷഹർബാൻ അദ്ധ്യക്ഷത വഹിച്ചു.ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാരായ പി.കെ അനിൽകുമാർ, യാഹ്യാഖാൻ തലയ്ക്കൽ എന്നിവർ സംസാരിച്ചു. കില എക്സ്റ്റഷൻ ഫാക്കൽറ്റി അംഗങ്ങളായ ടി.എ.ഷിഹാബ്, ടി. ഉഷാകുമാരി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ജില്ലയിലെ 26 തദ്ദേശഭരണസ്ഥാപനങ്ങളിലും പരിശീലനം പൂർത്തിയായി.



തദ്ദേശസ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച മാസ്റ്റർ ട്രെയിനർമാരുടെ പരിശീലന പരിപാടി ആസൂത്രണബോർഡ് അംഗം ഡോ.ഇക്ബാൽ ഉദ്ഘാടനം ചെയ്യുന്നു

## തദ്ദേശസ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ സൂക്ഷ്മപരിശോധന: പരിശീലനം തുടങ്ങി

തദ്ദേശസ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ സൂക്ഷ്മ പരിശോധനയും അംഗീകാരവും സംബന്ധിച്ച പരിശീലനം ജൂൺ 12 നു തുടങ്ങി.പരിശോധന 16 വരെ നീണ്ടുനിൽക്കും. ജില്ലാടിസ്ഥാനത്തിൽ നടക്കുന്ന പരിശീലനത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ളവർക്കു പരിശീനം നൽകുന്നതിനുള്ള മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം കിലയിൽ തുടങ്ങി. ആസൂത്രബോർഡ് അംഗം ഡോ.ഇക്ബാൽ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷനായിരുന്നു. കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ, എസ്.ആർ.ജി. മെമ്പർമാരായ ജി.കെ.സദനരാജ്,എസ്.ജമാൽ എന്നിവർ സംസാരിച്ചു. ജില്ലകളിൽനിന്നുള്ള പ്ലാനിംഗ് ഓഫീസർമാർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ ജില്ലാ കോർഡിനേറ്റർമാർ, എസ്.ആർ.ജി മെമ്പർമാർ തുടങ്ങിയവരാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്.



പരിശീലനത്തിനെത്തിയവർ കില ഡയറക്ടറോടോപ്പം

## പഞ്ചായത്ത് ക്ലാർക്കുമാർക്കു കിലയിൽ പരിശീലനം

ഗ്രാമപഞ്ചായത്തുകളിൽ നിയമനം ലഭിച്ചവരും ഇതുവരെ പരിശീലനം ലഭിക്കാത്തവരുമായ ക്ലാർക്കുമാർക്കുള്ള നാലുദിവസത്തെ പരിശീലനം കിലയിൽ തുടങ്ങി. പരിശീലനം ലഭിക്കാത്ത 400 ലേറെ പേർ സംസ്ഥാനത്തുണ്ട്. പഞ്ചായത്ത് രാജ് സംവിധാനം, ഓഫീസ് മാനേജ്മെന്റ്, കമ്മിറ്റി സംവിധാനങ്ങൾ, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, പഞ്ചായത്തിൽനിന്നു നൽകുന്ന സേവനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ, നികുതി നിർണ്ണയം, തുടങ്ങി 22 വിഷയങ്ങളിലാണ് പരിശീലനം. ആദ്യബാച്ചിന്റെ സമാപനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, കോർഡിനേറ്റർ വി.ജി.ശശിധരൻ, അഡ്വ.സാജിറ, പ്രതാപ്സിംഗ് എന്നിവർ സംസാരിച്ചു.സി.രാധാകൃഷ്ണൻ, ജോസഫ് ജോൺ, സഞ്ജയ് പ്രഭു, വർക്കി ജോസഫ് കെ. വി.അനിൽകുമാർ, സിറാജുദ്ദീൻ, രാമചന്ദ്രൻ നായർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

## ചോദ്യങ്ങൾക്കു മറുപടി

? സ്വയംതൊഴിൽ സംരംഭങ്ങൾക്കു റിവോൾവിംഗ് ഫണ്ട് നൽകാമെന്നു പറയുന്നു. അതെങ്ങിനെയാണ്?

● റിവോൾവിംഗ് ഫണ്ട് ഗുണഭോക്താക്കൾക്കു നൽകുന്ന ധനസഹായമല്ല. താൽക്കാലികമായ പലിശരഹിത പ്രോത്സാഹനമാണ്. പതിനെട്ടിനും അമ്പതിനും മദ്ധ്യേ പ്രായമുള്ള പൊതു താൽപര്യപ്രകാരം രൂപപ്പെടുത്തിയ ഗ്രൂപ്പുസംരഭങ്ങൾക്കു നൽകുന്നതാണിത്. പൊതു ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പ കൂടി ഉപയോഗപ്പെടുത്തി മാർഗ്ഗനിർദ്ദേശത്തിൽ പറഞ്ഞതുപ്രകാരമുള്ള സംരംഭങ്ങൾ തുടങ്ങുന്നവർക്കാണ് റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. നാലുവർഷം കാലാവധിക്കാണ് തുക നൽകേണ്ടത്. സംരംഭം തുടങ്ങി മൂന്നുമാസങ്ങൾക്കു ശേഷം മുതൽ നാലുവർഷത്തിനുള്ളിൽ പലിശരഹിതമായി ഈ തുക അടച്ചു തീർക്കണം. വായ്പ എടുത്തു തുടങ്ങുന്ന സംരംഭങ്ങൾക്കു പലിശ പ്രോജകട് വച്ച് സബ്സിഡിയായി തദ്ദേശസ്ഥാപനത്തിനു നൽകാവുന്നതാണ്. തദ്ദേശസ്ഥാപനവും ധനകാര്യസ്ഥാപനവും അംഗീകരിക്കുന്ന പ്രോജക്ട് അടങ്കലിന്റെ പത്തുശതമാനം തുകയാണ് റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്. അനുവദിക്കാവുന്ന തുകയുടെ ക്രമം താഴെ പറയും പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

വ്യക്തികൾക്കു തദ്ദേശസ്ഥാപനങ്ങളിൽനിന്നു പരമാവധി 50,000/-രൂപ അനുവദിക്കാം.അഞ്ചുഗ്രൂപ്പുള്ള ഗ്രൂപ്പുസംരഭമാണെങ്കിൽ ഗ്രാമപഞ്ചായത്തിൽനിന്ന് പരമാവധി 250,000 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽനിന്ന് പരമാവധി 300,000 ലക്ഷം രൂപയും അനുവദിക്കാം. കോർപ്പറേഷൻ/ജില്ലാപഞ്ചായത്തിൽനിന്ന് പരമാവധി അഞ്ചുലക്ഷം രൂപയും അനുവദിക്കാം. അനുവദിക്കുന്ന തുക പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണം. വായ്പാതവണയും റിവോൾവിംഗ് ഫണ്ട് തുകയും കുടിശ്ശികയില്ലാതെ തിരച്ചടയ്ക്കുന്നവർക്കാണ് പലിശ സബ്സിഡി നൽകുന്നത്.(സ.ഉ.(എം.എസ്)80/17 ത സ്വ ഭ വ തീയതി 3.4.17 സബ്സിഡി മാർഗ്ഗരേഖ കാണുക)

? പച്ചക്കറികൃഷിക്കു കൂലിചെലവ് സബ്സിഡി എത്ര രൂപയാണ്?

● പച്ചക്കറികൃഷിക്കു കൂലിചെലവ് സബ്സിഡി ഒരു ഹെക്ടറിനു 17,000/- രൂപ നൽകാം.പരമാവധി 30,000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

? ജാഗ്രാതാസമിതികൾ തദ്ദേശഭരണസ്ഥാപനത്തിൽ രൂപീകരിക്കണമെന്നു പറഞ്ഞിട്ടുണ്ടല്ലോ.അതിന്റെ ഘടന എന്താണ്?

● ജാഗ്രതാസമിതികൾ തദ്ദേശസ്ഥാപനങ്ങളിൽ വാർഡുതലത്തിലും ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കണം. വാർഡുതലത്തിൽ രൂപീകരിക്കുമ്പോൾ ഒരു പൊതുസമിതിയും ഒരു നിർവഹണസമിതിയും ഉണ്ടായിരിക്കണം. പൊതുസമിതിയിൽ മുപ്പതു മുതൽ നാൽപ്പതു വരെ അംഗങ്ങളാകാം.വാർഡുമെമ്പർ, വാർഡിലെ എ.ഡി.എസ് എക്സിക്യൂട്ടീവിൽനിന്ന് ഏഴുപേർ, പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളായി ഒരു പുരുഷനും ഒരു വനിതയും, അങ്കണവാടി പ്രവർത്തകർ, രജിസ്റ്റർ ചെയ്ത ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, വായനശാലകൾ, മഹിളാസമാജങ്ങൾ എന്നിവയുടെ പ്രതിനിധികൾ, സന്നദ്ധസംഘടനകളിൽനിന്നുള്ള പ്രതിനിധികൾ,പാടശേഖരസമിതി, കർഷകസമിതി, പൗരസമിതി, റസിഡന്റ്സ് അസോസിയേഷനിൽനിന്നുള്ള പ്രതിനിധികൾ, അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളിൽ നിന്ന് രണ്ടുപേർ(ഇതിൽ ഒരാൾ സ്ത്രീയായിരിക്കണം), സ്ഥാപനപ്രതിനിധി,റിട്ടയേർഡ് ഉദ്യോഗസ്ഥർ, ആരോഗ്യപ്രവർത്തകർ, എന്നിവരിൽനിന്നാണ് പൊതുസമിതിയിലേക്കു ആളെ നിശ്ചയിക്കേണ്ടത്. നിർവഹണസമിതിയെന്നതു എക്സിക്യൂട്ടീവ് ബോഡിയാണ്.പൊതുസമിതിയിൽനിന്നു തെരഞ്ഞെടുക്കുന്ന ഒമ്പതുപേരുടെ സമിതിയാണ് വാർഡ് ജാഗ്രതാസമിതി നിർവഹണസമിതി. ഇതിൽ അഞ്ചുപേർ വനിതകളായിരിക്കണം. വാർഡുമെമ്പർ, അങ്കണവാടി വർക്കർ, എ.ഡി എസ്സിൽനിന്നുള്ള രണ്ടു പ്രതിനിധികൾ, രാഷ്ട്രീയപാർട്ടിയിൽനിന്ന് ഒരു പ്രതിനിധി, പട്ടികജാത്-പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് ഒരു വനിതാപ്രതിനിധി, ആരോഗ്യപ്രവർത്തകരിൽനിന്നു ഒരു പ്രതിനിധി, സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് ഒരു പ്രതിനിധി. ഇതിൽ വാർഡുമെമ്പർ ചെയർപേഴ്സണും എ.ഡി.എസിൽനിന്ന് ഒരാൾ വൈസ് ചെയർപേഴ്സണും അങ്കണവാടി വർക്കർ കൺവീനറുമായിരിക്കും.എ.ഡി.എസ്സിൽനിന്നുള്ള ഒരാൾ ജോയിന്റ് കൺവീനറുമായിരിക്കും.

തദ്ദേശഭരണതലത്തിൽ ഒമ്പതുപേരടങ്ങുന്ന ജാഗ്രതാസമിതി ഉണ്ടായിരിക്കും. തദ്ദേശസ്ഥാപന അദ്ധ്യക്ഷൻ ജാഗ്രതാസമിതിയുടെ അദ്ധ്യക്ഷനായിരിക്കും. ഐ.സി.ഡി.എസ് സൂപ്രവൈസർ കൺവീനറുമായിരിക്കും. ഒരു വനിതാമെമ്പർ, ഒരു വനിതാ വക്കീൽ, സ്ഥലത്തെ പോലീസ് സർക്കിൾ/സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.ടി വിഭാഗത്തിലെ വനിതാമെമ്പർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സാമൂഹ്യപ്രവർത്തക, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ, സി.ഡി.എസ് ചെയർപേഴ്സൺ, വാർഡുതല ജാഗ്രതാസമിതി കൺവീനർമാരിൽനിന്നു ഒരു പ്രതിനിധി എന്നിവരാണ് തദ്ദേശസ്ഥാപന ജാഗ്രതാസമിതിയിൽ വരുന്നത്.(ഉത്തരവു നമ്പർ സ.ഉ.(എം.എസ്) 37/2007/ സാ.ക്ഷേ.വ..തീയതി 23.6.2007)

? വയോജനങ്ങൾക്കു കട്ടിൽ എന്ന പദ്ധതി ഏറ്റെടുക്കാമോ?

● അറുപതു കഴിഞ്ഞ വയോജനങ്ങൾക്കു ബി.പി.എൽ വിഭാഗത്തിൽ പെട്ടവരാണെങ്കിൽ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ജനറൽ/എസ്.എസി.എസ്.പി/ടി.പി.എസ് ഫണ്ട് ഉപയോഗിച്ച് പദ്ധതി വയ്ക്കാം.കട്ടിലിന്റെ യുണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ല.പ്രോക്യൂർമെന്റ് നടപടികളിലൂടെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്.(സബ്സിഡി മാർഗ്ഗരേഖ സ.ഉ,(എം.എസ്)80/2017 തസ്വഭവ തീയതി 3.4.2017 ഖണ്ഡിക 12.1(7) കാണുക)

? പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പഠനമുറി നൽകാം എന്നു കഴിഞ്ഞവർഷം നിബന്ധനയുണ്ടായിരുന്നു. ഈ വർഷം അപ്രകാരം പദ്ധതി വയ്ക്കാമോ?

● പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു നിബന്ധനകൾക്കു വിധേയമായി പഠനമുറി നിർമ്മിക്കാനുള്ള പദ്ധതി വയ്ക്കാം. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകൾ ഉള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കു 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത ഒരു മുറി നിർമ്മിക്കുന്നതിനു ഒര ലക്ഷം രൂപ അനുവദിക്കാം. ഇതിൽ 50,000 രൂപ മുൻകൂറായി നൽകാം. അസി.എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാം.(സ.ഉ.(സാധാ)1683/17 തസ്വഭവ. തീയതി.23.5.2017 കാണുക.

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000**



**കി**ലയിൽനിന്നു വിരമിച്ച എ.കെ.മുഹമ്മദിനുള്ള സഹപ്രവർത്തകരുടെ ഉപഹാരം കില ഡയറക്ടർ സമ്മാനിക്കുന്നു

## യാത്രയയപ്പ്

**കി**ലയിൽനിന്നു വിരമിച്ച ഡ്രൈവർ എ.കെ.മുഹമ്മദിനു സഹപ്രവർത്തകർ യാത്രയയ്പ്പു നൽകി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ, അക്കൗണ്ട്സ്ഓഫീസർ ആർ.ഗിരിജാദേവി, പി.വി.രാമകൃഷ്ണൻ, ഉസ്മാൻ കുട്ടോത്ത്, ഹനീഫ എന്നിവർ സംസാരിച്ചു. ജീവനക്കാരുടെ ഉപഹാരം മുഹമ്മദ് ഏറ്റുവാങ്ങി.



## ലോകപരിസ്ഥിതിദിനം: തദ്ദേശസ്ഥാപനങ്ങൾക്കു 10,000 രൂപ ചെലവഴിക്കാം

**ലോ**കപരിസ്ഥിതിദിനമായ ജൂൺ 5നു സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന കർമ്മപദ്ധതി സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിൽനിന്നു തൈകൾ ശേഖരിച്ച് വിതരണം ചെയ്യാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് മുൻകൈ എടുക്കേണ്ടത്. വൃക്ഷതൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റ് ഒഴിവാക്കാനാകാത്ത ചെലവുകൾക്കുമായി തദ്ദേശസ്ഥാപനങ്ങൾക്കു 10,000/-രൂപ വരെ ചെലവഴിക്കാം. തനതുഫണ്ടിൽനിന്നോ പ്ലാൻഫണ്ടിൽനിന്നോ ഇതിനുള്ള പണം കണ്ടെത്തണം. ഓരോ പ്രദേശത്തിനും അനുയോജ്യമായ വൃക്ഷതൈകളാണ് വച്ചുപിടിപ്പിക്കേണ്ടത്. വിശദമായ മാർഗ്ഗരേഖ 19.5. 2017ൽ പി.എസ്.2/249/2017 നമ്പറായി പുറത്തിറക്കിയിട്ടുണ്ട്.

## വിമുക്തഭടന്റെ വീട്ടുകരം ഇളവുവ്യവസ്ഥകൾ പരിഷ്ക്കരിച്ചു

**വി**മുക്തഭടന്റെ വീട്ടുകരം ഇളവു സംബന്ധിച്ച് വ്യവസ്ഥകൾ പരിഷ്ക്കരിച്ച് സംസ്ഥാനസർക്കാർ ഉത്തരവായി. 2004-2005 വർഷം മുതൽ വിമുക്തഭടന്മാരുടെയും അവരുടെ ഭാര്യ/വിധവ എന്നിവരുടേയും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന വീടുകളുടെ വീട്ടുകരം ഒടുക്കുന്നതിൽ നിന്നു ഒഴിവാക്കിയിരുന്നു. രണ്ടായിരം ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ളതും വിമുക്തഭടന്മാരുടെ വിഭാഗത്തിൽ പെടുന്നവരുടേയും സ്വന്തം താമസത്തിനുള്ള ഒരു വീടിനാണ് ഇപ്രകാരം ആനുകൂല്യം നൽകിയിരുന്നത്. പുതിയ വ്യവസ്ഥ പ്രകാരം 2,000 ചതുരശ്ര അടിയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഭവനങ്ങളെ കൂടി ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടായിരം ചതുരശ്ര അടിയിൽ കൂടുതൽ വരുന്ന പക്ഷം കൂടുതലായി വരുന്ന തറവിസ്തീർണ്ണത്തിനു അതതു കാലത്ത് നിലവിലുള്ള വ്യവസ്ഥപ്രകാരം നികുതി നൽകേണ്ടതാണ്. നികുതി ഇളവിനു ഓരോ വർഷവും അപേക്ഷ നൽകണമെന്ന വ്യവസ്ഥയും ഒഴിവാക്കിയിട്ടുണ്ട്. പകരം നിശ്ചിത മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം കെട്ടിടനികുതി ഇളവിനു അർഹരായവർ ഓരോ വർഷവും മാർച്ച് 31 നകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ മേധാവികൾക്കു നൽകണം. കെട്ടിടനികുതി ഇളവു അനുവദിച്ചാൽ ആ വിവരം വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ ഉത്തരവു നമ്പറും തീയതിയും രേഖപ്പെടുത്തി മുദ്ര പതിപ്പിച്ചു നൽകേണ്ടതുമാണ്. ഇതുസംബന്ധിച്ച് 26.5.2017 ൽ തദ്ദേശസ്വയംഭരണവകുപ്പു 106/17 നമ്പറായി ഉത്തരവു പുറപ്പെടുവിച്ചു.

## പഞ്ചായത്ത് ജീവനക്കാരെ പുനർവിന്യസിക്കുന്നു

പഞ്ചായത്ത് വകുപ്പിൽ അധികം വന്ന 448 ജീവനക്കാരെ പുതിയ തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കാൻ സർക്കാർ ഉത്തരവായി. ചില ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി മാറ്റുകയും ചില പഞ്ചായത്തുകളെ കോർപ്പറേഷനുകളോടു കൂട്ടിച്ചേർക്കുകയും ചെയ്തതിനെ തുടർന്നാണ് ജീവനക്കാർ അധികമായി വന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കായി ജില്ലാപഞ്ചായത്ത് ഓഫീസുകളിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും 14 വീതം സീനിയർ സൂപ്രണ്ടുമാരുടെ തസ്തിക സൃഷ്ടിച്ചു. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.ടി. സെല്ലിലും ഒരു തസ്തികയുണ്ടാക്കി. അധികംവരുന്ന അസി.സെക്രട്ടറിമാരെ പഞ്ചായത്തുവകുപ്പിൽ തന്നെ നിലനിർത്താൻ, അസി.സെക്രട്ടറി തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതും സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിച്ചതുമായ 37 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി തസ്തിക സൃഷ്ടിച്ചു. അധികമായ 146 സീനിയർ ക്ലാർക്കുമാരെയും 170 ക്ലാർക്കുമാരെയും നിലനിർത്താൻ വകുപ്പിൽ 316 ക്ലറിക്കൽ തസ്തികകൾ പുതുതായുണ്ടാക്കി. അധികമായിവരുന്ന 66 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വകുപ്പിൽ സൃഷ്ടിച്ച് അതതു ജില്ലകളിൽ പുനർവിന്യസിക്കും.




കില സംഘടിപ്പിച്ച ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് കോഴ്സിന്റെ ആദ്യബാച്ചിൽ പഠനം പൂർത്തിയായ വർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു

## ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ്: ആദ്യബാച്ചിന്റെ പഠനം പൂർത്തിയായി

ഗ്രാമപഞ്ചായത്തുകളിലെ സൂപ്രവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും കില നടപ്പിലാക്കിയ ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് എന്ന ഓൺലൈൻ കോഴ്സിന്റെ ആദ്യബാച്ച് പഠനം പൂർത്തിയാക്കി.ബ്ലൻഡഡ് ലേണിംഗ് മെത്തേഡ്(ബി.എൽ.എം) രീതി പ്രകാരം പഞ്ചായത്ത് രാജ് നിയമം, വ്യക്തത്വവികസനം, മാനേജ്മെന്റ് നൈപുണികൾ എന്നീ മൂന്നു വിഷയങ്ങളാണ് കോഴ്സിന്റെ ഭാഗമായി പഠിപ്പിച്ചത്.ഒരാൾ സർക്കാർ ജീവനക്കാരനാകുന്നതോടെ വായന മരിക്കുന്നുവെന്നും പഠനം നിലയ്ക്കുന്നുവെന്നുമുള്ള കാഴ്ചപ്പാട് മാറ്റി തുടർപഠനസംസ്കാരം ജീവനക്കാരിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.മൂഡിൽ സ്വതന്ത്ര സോഫ്റ്റ് വെയർ സഹായത്തോടെയുള്ള ഓൺലൈൻ പഠനവും മാസത്തിൽ രണ്ടു തവണ കിലയിൽ താസിച്ചുള്ള പഠനവുമായണ് സംഘടിപ്പിച്ചത്. ആറുമാസത്തെ കോഴ്സിൽ പതിനേഴുപേരാണ് പഠനം പൂർത്തിയാക്കിയത്. കിലയിൽ സംഘടിപ്പിച്ച കോൺവോക്കേഷൻ ചടങ്ങിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.ഡിപ്ലോമ കോഴ്സിലെ വിജയികളെ ഭാവിയിൽ കിലയുടെ എക്സ്റ്റഷൻ ഫാക്കൽറ്റികളാക്കുന്ന കാര്യം പരിഗണിക്കുമെന്നും താൽപര്യമുള്ളവർക്കു റിസർച്ചിനു സൗകര്യമൊരുക്കുമെന്നും കില ഡയറക്ടർ അറിയിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ അദ്ധ്യക്ഷനായിരുന്നു.അപർണ റിപ്പോർട്ട് അവതരിപ്പിച്ചു.ഡോ.എസ്.കെ.ബിജു സ്വാഗതവും കെ.പി.എം.ഹാഷിം നന്ദിയും പറഞ്ഞു.സോഫ്റ്റ് വെയർ വിദഗ്ദ്ധൻ ശ്രീകാന്ത്, അനൂപ്, ഫെമിന ജോയ്, ആൽജോ സി.ചെറിയാൻ തുടങ്ങിയവർ സംസാരിച്ചു.

## നഗരസഭ ഉദ്യോഗസ്ഥർക്കു കിലയിൽ പരിശീലനം

നഗരസഭകളിലേയും കോർപ്പറേഷനുകളിലേയും നഗരകാര്യ ഡയറക്ടറേറ്റിലേയും ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനത്തിനുള്ള മൂന്നുദിവസത്തെ പരിശീലനപരിപാടി കിലയിൽ ആരംഭിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ കെ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. പതിനഞ്ചു ബാച്ചുകളിലായി 600 പേർക്കു പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജൂലൈ മാസത്തോടെ പരിശീലനം പൂർത്തിയാക്കും. സംസ്ഥാന സർക്കാരിന്റെ നവകേരളമിഷനിൽപെട്ട നാലുമിഷനുകൾ, അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, പ്രധാനമന്ത്രിയുടെ ഭവനനിർമ്മാണ പദ്ധതി, ദേശീയ നഗര ഉപജീവനമിഷൻ, കോടതികളും കോടതി നടപടിക്രമങ്ങളും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. നഗരസഭ സെക്രട്ടറിമാരായ സൈഫുദ്ദീൻ, ഹരികുമാർ, സി.രാധാകൃഷ്ണൻ, ടോബി തോമസ്, ബിനി.കെ.യു എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. വി.ജി.ശശിധരൻ, സി.രാധാകൃഷ്ണൻ, പി.കെ.ജയദേവൻ, എം.രേണുകുമാർ, ആർ. രാമചന്ദ്രൻ നായർ, കെ.വി.ഗോവിന്ദൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

## മഴവെള്ള സംഭരണത്തിനു സർക്കാരിന്റെ സാമ്പത്തികസഹായം

മഴവെള്ളസംഭരണത്തിനും ഭൂജലപരിപോഷണത്തിനും സർക്കാർ സാമ്പത്തികസഹായം നൽകുന്നു. സാമ്പത്തികസഹായത്തിനായി ഇപ്പോൾ അപേക്ഷിക്കാം. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയുടെ മഴകേന്ദ്രം മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വ്യക്തിഗത കുടുംബങ്ങളിലും സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും മഴവെള്ളസംഭരണികളുടെ നിർമ്മാണം, പഞ്ചായത്തുകളിൽ മാതൃകാമഴവെള്ളസംഭരണി നിർമ്മാണം,കിണർ റീചാർജിംഗ്, പൊതുസ്ഥാപനങ്ങളിലെ നിലവിലുള്ള മഴവെള്ളസംഭരണികളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കു ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരമാണ് സഹായം നൽകുന്നത്. വ്യക്തിഗത മഴവെള്ളസംഭരണി നിർമ്മാണം, കിണർ റിചാർജിംഗ്, മാതൃകാമഴവെള്ളസംഭരണി നിർമ്മാണം എന്നിവയ്ക്കു ആനുകൂല്യത്തിനു അപേക്ഷ സമർപ്പിക്കുമ്പോൾ അതോടൊപ്പം പഞ്ചായത്തിന്റെ തീരുമാനം കൂടി അറിയിക്കണം. മലയോര-തീരദേശ പഞ്ചായത്തുകൾക്കു മുൻഗണനയുണ്ട്. ജൂൺ 8 നു മുമ്പ് അപേക്ഷ നൽകണം. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ, മഴകേന്ദ്രം, പി.ടി.സി ടവർ മൂന്നാംനില, എസ്.എസ്. കോവിൽ റോഡ് തമ്പാനൂർ, തിരുവനന്തപുരം.1 എന്ന വിലാസത്തിലാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾ ജലനിധിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.



KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**